ഇഹ്സാൻ

# എലിക്കെണി വെച്ച് പുലിയെ പിടിക്കുമ്പോൾ

**ഭീകരതയുടെ** കാര്യത്തിൽ കഴിഞ്ഞ ഏതാനും ആഴ്ചകളായി മൗനവ്രതം ആചരിച്ച ബി.ജെ.പിയുടെ നിഴൽപ്രധാനമന്ത്രി എൽ.കെ അദ്വാനി ഒടുവിൽ തനിനിറം വ്യക്തമാക്കി. മാലേഗാവിലെയും ഹൈദറാബാദിലെയും സംഝോത എക്സ്പ്രസിലെയും ബോംബ് സ്ഫോടനങ്ങളെ കുറിച്ച് നടക്കുന്ന കേസന്വേഷണങ്ങൾ ഹിന്ദു നേതാക്കൾക്കെതിരെയുള്ള കോൺഗ്രസിന്റെ രാഷ്ട്രീയ ഗൂഢാലോചനയാണത്രെ! തന്നോട് എ.ടി.എസുകാർ അപമര്യാദയായി സംസാരിക്കുകയും മാനസിക പീഡനം ഏൽപ്പിക്കുകയും ചെയ്തുവെന്ന് സന്യാസിനി പ്രജ്ഞാസിംഗ് ഠാക്കൂർ കോടതിക്കു നൽകിയ സത്യവാങ്മൂലം മുഴുവൻ ഇന്ത്യക്കാരെയും ആശങ്കാകുലരാക്കുന്നുവെന്നും എ.ടി.എസ് നടത്തുന്ന ഇത്തരം വഴിവിട്ട നീക്കങ്ങളെ കുറിച്ച് ജുഡീഷ്യൽ അന്വേഷണം വേണമെന്നുമാണ് ബി.ജെ.പിയുടെ ഭാവി പ്രധാനമന്ത്രി ആവശ്യപ്പെട്ടത്. മുഴുവൻ ഇന്ത്യക്കാരും ബുഷിനെ സ്നേഹിക്കുന്നുവെന്ന് മൻമോഹൻ സിംഗ് അമേരിക്കയിൽ ചെന്നു പറഞ്ഞ മട്ടിലാണ് അദ്വാനിയും ഇന്ത്യക്കാരെ കുറിച്ച് പറയുന്നത്. എന്നാൽ മൻമോഹന്റെ വാക്കുകൾ ഉയർത്തിവിട്ട പരിഹാസം പോലെ തള്ളിക്കളയേണ്ടതല്ല ഈ പ്രസ്താവന.

കൊലയാളിയുടെ വേഷം കാവിയാണെങ്കിൽ, സർവോപരി അതുടുത്തത് സ്ത്രീയാണെങ്കിൽ കേസന്വേഷണത്തിന് പുതിയ സമ്പ്രദായങ്ങൾ ആവിഷ്കരിക്കണമെന്നാണ് അദ്വാനി പറയുന്നതിലടങ്ങിയ സൂചന. ആദരണീയ പൂജനീയ സ്വാമിനി തിരുവടികൾ അബദ്ധവശാൽ വല്ല അഗ്നിബാണ സംസ്ഥാപന കർമങ്ങളിലും ഏർപ്പെടുകയോ മറ്റോ ഉണ്ടായോ ആവോ? മാനനീയ പൂജനീയ ജഗദ്ഗുരു സ്വാമിജി അമൃതാനന്ദ ദയാനന്ദ് പാണ്ഡെജിയുടെ തൃപ്പാദങ്ങൾ നാലാംവേദക്കാർക്കു വേണ്ടി നിശ്ചയിച്ച അതിവേഗ സ്വർഗാരോഹണ പദ്ധതികൾ കാര്യക്ഷമമായി നടപ്പാക്കാൻ അവിടുന്ന് വല്ല ധ്യാനമോ ചിന്തൻ ബൈഠകോ മറ്റോ അനുഷ്ഠിക്കുകയുണ്ടായോ എന്നും സ്വാധിയോട് ചോദിക്കാമായിരുന്നു. സന്യാസിനിയമ്മക്ക് പക്ഷേ നാർക്കോട്ടിക് ടെസ്റ്റ് നടത്തുകയാണ് പോലീസുകാർ. അതൊക്കെ 'ജിഹാദി'കളുടെ കാര്യത്തിലേ പാടുള്ളൂ എന്നാണ് അദ്വാനി വളച്ചുകെട്ടിപ്പറയുന്നതിന്റെ പൊരുൾ. ആത്മീയ പുരുഷന്മാർ കുറ്റം ചെയ്താൽ എന്താണ് ചെയ്യേണ്ടതെന്ന് എൻ.ഡി.എ ഭരണകാലത്ത് കാഞ്ചി ശങ്കരാചാര്യരുടെ കാര്യത്തിൽ കാണിച്ചുതന്നതാണ് അന്വേഷണത്തിന്റെ മാതൃക! ഹിന്ദുത്വ രാജ്യത്തിന്റെ ഭരണഘടനയിൽ ഉണ്ടായിരിക്കേണ്ട ഇത്തരം സമ്പ്രദായങ്ങൾ പരിചയപ്പെടുത്താൻ മാന്യവർ അദ്വാനി കാണിക്കുന്ന ശുഷ്കാന്തിയെ എങ്ങനെ രാജ്യം പുകഴ്ത്താതിരിക്കും? നാണക്കേട്!

കേസന്വേഷണത്തെ, അതും ഭീകരാക്രമണ കേസിൽ നടക്കുന്ന അന്വേഷണത്തെ വർഗീയതയെ കൂട്ടുപിടിച്ച് അട്ടിമറിക്കാൻ അദ്വാനിയുടെ നിലവാരമുള്ള ഒരു നേതാവ് ശ്രമിക്കുന്നത് ഇതാദ്യമായാണ്. ചെയ്ത കുറ്റത്തെ കുറിച്ച് ഇനിയും തെളിവുകൾ ആവശ്യമുള്ളവരുടെ കാര്യത്തിലല്ല, മറിച്ച് ഉള്ള തെളിവുകൾ മറച്ചുപിടിക്കാൻ ബുദ്ധിമുട്ടേണ്ടിവരുന്ന തനിഭീകരരുടെ കാര്യത്തിലാണ് വക്കാലത്തുമായി മുൻ ആഭ്യന്തരമന്ത്രി രംഗത്തിറങ്ങുന്നത്. നിരപരാധികളായ മുസ്‌ലിംയുവാക്കളെ ചോദ്യം ചെയ്തമുറയിൽ ചോദ്യംചെയ്താൽ അമൃതാനന്ദത്തിന്റെ വായിൽ നിന്ന് മണിമണി പോലെ പുറത്തുവരും എവിടെയൊക്കെയാണ് താനും പട്ടാളക്കാരനും സന്യാസിനിയമ്മയും ചേർന്ന് ബോംബുവെച്ചതെന്ന്. ഗൊരഖ്പൂരിലേക്കുള്ള വഴിയെ അന്വേഷണവുമായി വന്നാൽ അടിച്ച് കാലൊടിക്കുമെന്ന് ഭീഷണിപ്പെടുത്തുന്ന യോഗി ആദിത്യനാഥ് വെറുതെയല്ല ചാടിക്കളിക്കുന്നത്. മടിയിൽ കനമുള്ളവനേ വഴിയിൽ ഭയക്കേണ്ട കാര്യമുള്ളൂ. വാരാണസി, അയോധ്യ, ഗൊരഖ്പൂർ സ്ഫോടനങ്ങളിലും സംഘ്പരിവാർ അംഗങ്ങൾ തന്നെയാണ് പിടിയിലാവുന്നതെങ്കിൽ ഒന്നോർത്തുനോക്ക് ഹിന്ദുത്വത്തിനുണ്ടാവാൻ പോകുന്ന നാണക്കേട്. വാരാണസി കേസിലുൾപ്പെട്ടത് സിമിയും ഹുജിയുമാണെന്ന് കോടതിയിൽ തെളിഞ്ഞിട്ടില്ല. അദ്വാനി ഇടപെട്ടതിന്റെ പശ്ചാത്തലം ഇതാണ്. പ്രജ്ഞയെ പിന്തുണച്ചു എന്നു കരുതി ഇടിഞ്ഞുവീഴാൻ മാത്രം മെച്ചപ്പെട്ട പ്രതിഛായയൊന്നും തനിക്കില്ലെന്ന് മറ്റാരെക്കാളും നന്നായി അദ്ദേഹത്തിനറിയാം. വർഗീയതയെങ്കിൽ വർഗീയത, ജീവിതത്തിലുടനീളം കളിച്ച ആ കാർഡ് ഇനിയൊരവസരത്തിലേക്കായി കക്ഷത്തിൽ വെച്ചതുകൊണ്ട് കാര്യമില്ലെന്ന് വൃദ്ധസിംഹത്തിന് തോന്നിയിട്ടുണ്ടാവണം.

ഭീകരരെ കൈകാര്യം ചെയ്യാൻ നിലവിലുള്ള നിയമങ്ങൾ അപര്യാപ്തമാണെന്നും ഭീകരരുടെ മനുഷ്യാവകാശങ്ങളെ കുറിച്ച് ചർച്ചചെയ്യുന്നതിൽ അർഥമില്ലെന്നും നാടൊട്ടുക്കു പ്രസംഗിച്ചു നടന്നയാളാണ് അദ്വാനി. ഭീകരത ആരോപിച്ച് ഇത്രയും കാലം പിടിയിലായവരുടെ ലിംഗത്തിൽ ഷോക്കടിപ്പിക്കുന്നതും മുളകുപൊടി വിതറുന്നതും അതല്ലെങ്കിൽ വെള്ളക്കുപ്പികൾ കെട്ടിത്തൂക്കുന്നതും ഗുദത്തിൽ പെട്രോൾ ഒഴിക്കുന്നതും ഐസിനു മുകളിൽ കിടത്തുന്നതും കാലിന്റെ നഖത്തിനടിയിൽ ആണി അടിച്ചുകയറ്റുന്നതും തോട്ടികളെ കൊണ്ട് ഗുദഭോഗം ചെയ്യിക്കുന്നതുമൊക്കെ ഇന്നോളം പുറത്തുവന്ന പലതരം കേസന്വേഷണ മാർഗങ്ങളിൽ പെട്ടതാണ്. ഇതിൽ എത്രയെണ്ണം സ്വാധിയുടെയും സ്വാമിജിയുടെയും കാര്യത്തിൽ പ്രയോഗിച്ചു? അദ്വാനി തന്നെയാണ് മറുപടി പറയേണ്ടത്. തന്നെ പോലീസ് ബെൽറ്റ് കൊണ്ടടിച്ചു എന്നു മാത്രമാണ് സ്വാമിനി പറഞ്ഞതിലെ ഒരേയൊരു 'കഠോര'കൃത്യം! അതോടെ കിഡ്നി തകർന്നുവത്രെ! നാലു മണിക്ക് വിളിച്ചെഴുന്നേൽപ്പിച്ച് ചോദ്യം ചെയ്തു എന്നതും കൂട്ടത്തിലുണ്ട്. സാധാരണഗതിയിൽ ഭീകരരുടെ കാര്യത്തിൽ എന്തൊക്കെയാണോ നാട്ടുനടപ്പ് അത് കാഷായവേഷം കെട്ടിയ കാപാലികർക്കു മാത്രം ബാധകമാവരുതെന്ന് പറയുന്നത് മിതമായ ഭാഷയിൽ പറഞ്ഞാൽ അദ്വാനിയുടെ ഇരട്ടത്താപ്പാണ്.

അദ്വാനിക്കു മാത്രമല്ല ഇങ്ങനെ മഴുവിനും തള്ളക്കും രണ്ട് ന്യായമുള്ളത്. അന്വേഷണം കഴിഞ്ഞതിനു ശേഷമേ മാലേഗാവിനെ കുറിച്ച് സംസാരിക്കാവൂ എന്നാണ് വെങ്കയ്യ നായിഡു എ.ടി.എസിന് നൽകിയ ധർമോപദേശം. 'ഇന്ത്യൻ മുജാഹിദീനെ' കുറിച്ചും എന്നുകൂടി വെങ്കയ്യക്ക് പറയാമായിരുന്നു. ബി.ജെ.പി അധ്യക്ഷൻ രാജ്നാഥ് സിംഗിന് ഇത്തരമൊരു നിലപാടാണ് ഇപ്പോഴുള്ളത്. ഇസ്‌ലാമിക ഭീകരത, ഹിന്ദു ഭീകരത മുതലായ വാക്കുകൾ നിലനിൽക്കുന്നില്ലെന്നും മതത്തിന് ഭീകരതയുമായി ഒരു ബന്ധവുമില്ലെന്നുമാണ് അദ്ദേഹം ചൂണ്ടിക്കാട്ടിയത്. അതേസമയം ഹിന്ദുക്കൾക്ക് ഭീകരരാവാൻ കഴിയുകയേ ഇല്ല എന്നാണ് വി.എച്ച്.പി പറയുന്നത്. കുറെക്കാലമായി എവിടെയും കേൾക്കാനില്ലായിരുന്ന പ്രവീൺ തൊഗാഡിയയാണ് പുതിയ സനാതനതത്ത്വം വിളംബരപ്പെടുത്തുന്നത്. ബോംബുണ്ടാക്കൽ ക്യാമ്പുകളിൽ പ്രസംഗിക്കാൻ ചെന്നവരുടെ ലിസ്റ്റ് പോലീസ് തെരയുന്നതിന്റെ ബേജാറാവണം തൊഗാഡിയക്ക്.

കേരളത്തിൽ കുറച്ചു ദിവസങ്ങളായി അവിടെയും ഇവിടെയും പിടിക്കുന്ന ബോംബുകൾക്കുമുണ്ട് ഒരു മാലേഗാവ് സ്പർശം. മാധ്യമങ്ങൾക്ക് അത് പറയാനുള്ള ആംപിയർ നഷ്ടപ്പെട്ടിട്ടുണ്ടെങ്കിലും കാറ്റനുസരിച്ച് തൂറ്റുന്ന സംഘ്പരിവാർ ഗൂഢാലോചനയാണ് കണ്ണൂരിലേതും. കേരളത്തിൽ 'ഇസ്‌ലാമിക തീവ്രവാദികൾ' പിടിയിലാവുകയും അവരെ കുറിച്ച യക്ഷിക്കഥകൾ പൂത്തുലഞ്ഞു നിൽക്കുകയും ചെയ്യുന്ന കാലത്താണ് ഈ ബോംബുവേട്ടയും അസ്നക്കേസും വന്നുപെടുന്നത്. ഒന്നു ശ്വാസംവിടാനുള്ള സമയം കിട്ടിയിരുന്നെങ്കിൽ ഇതാവുമായിരുന്നില്ല ചിത്രം. ലക്ഷ്യസ്ഥാനത്ത് അവരത് പൊട്ടിച്ചേനെ. ഒരുപക്ഷേ മലയാളികൾ ഏറെനാളായി ചെവിയോർത്തിരിക്കുന്ന സ്ഫോടന പരമ്പര അതാവുമായിരുന്നു! മലയാളികളുടെ പത്രങ്ങളും ചാനലുകളും ചേർന്ന് എപ്പോഴോ കുറ്റം 'തെളിയിക്കുക'യും ചെയ്തേനെ. മണ്ഡലമഹോത്സവം ആരംഭിച്ച അതേ ആഴ്ചയിലാണ് കണ്ണൂരിലെ ബോംബുവേട്ട നടന്നതെന്ന് ഉൾക്കിടിലത്തോടെ മാത്രം ഓർക്കുക. ■